# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5341** **23.05.2017-ലെ മറുപടിയ്ക്ക്**

**പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടേയും അവയിലെ ഉദ്യോഗസ്ഥരുടെയും മേലുള്ള നിയന്ത്രണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടേയും അവയിലെ ഉദ്യോഗസ്ഥരുടെയും മേലുള്ള ഇരട്ട നിയന്ത്രണം അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതായി കരുതുന്നുണ്ടോ; വിശദമാക്കാമോ; | (എ) നിലവിലുള്ള സാഹചര്യങ്ങളിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് വകുപ്പ് 181 പ്രകാരം സർക്കാർ, പഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പൂർണ്ണമായ നിയന്ത്രണവും മേൽനോട്ടവും അതാത് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തവും പഞ്ചായത്തിലെ ഏത് ചുമതലകളും അവരവരുടെ യോഗ്യതയുടെയും പ്രായോഗിക വൈദഗ്ധ്യത്തിന്റെയും അടിസ്ഥാനത്തിൽ ഏല്പിച്ചു കൊടുക്കാവുന്നതുമാണ്. എന്നാൽ ശമ്പളവും മറ്റാനുകൂല്യങ്ങളും അതാത് വകുപ്പിൽ നിന്ന് നൽകുന്ന സാഹചര്യത്തിൽ സേവനം പൂർണ്ണമായും പഞ്ചായത്തുകൾക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. |
| (ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | (ബി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

Beena

**സെക്ഷൻ ഓഫീസർ**